## രണ്ടുവാക്ക്

ജമാഅത്തെ ഇസ്‌ലാമി കേരളത്തിലോ ഇന്ത്യയിലോ പരിമിതമായ ഒരു പ്രസ്ഥാനമല്ല. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽതന്നെ ഇതേ പേരും വേരുമുള്ള ആറു സംഘടനകളുണ്ട്. സ്വന്തമായ ചുറ്റുപാടുകൾ കണക്കിലെടുത്ത് ഭിന്നമായ നയപരിപാടികളോടെയാണ് പ്രവർത്തിക്കുന്നതെങ്കിലും അവയുടെയെല്ലാം ആദർശവും ലക്ഷ്യവും ഒന്നാകുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങളും പ്രവർത്തകരും ലോകമാകെ പരന്നിട്ടുണ്ട്. അവയിൽനിന്ന് പ്രചോദനം ഉൾകൊണ്ട് പല ഇസ്‌ലാമിക ഗ്രൂപ്പുകളും ലോകത്തിന്റെ പലഭാഗങ്ങളിലായി ഉയർന്നു വന്നിരിക്കുന്നു. ആഗോള തലത്തിൽ ഇന്ന് ദൃശ്യമാകുന്ന ഇസ്‌ലാമിക നവജാഗരണത്തിൽ ജമാഅത്തിനുള്ള പങ്ക് ആരെത്ര ശ്രമിച്ചാലും നിഷേധിക്കാനാവാത്തതാണ്.

ഇത്തരമൊരു സംഘടനയുടെ സംഭവബഹുലമായ അമ്പതു വർഷം ഒരു പത്രത്തിന്റെ വിശേഷാൽപ്രതിയിൽ ഒതുക്കാനാവുകയില്ല. അതുകൊണ്ടുതന്നെ ഇത് ജമാഅത്തിന്റെ ചരിത്രത്തിലേക്കുള്ള ചില സൂചനകളേ ആകുന്നുള്ളു. ചില മുഖ്യമായ സംഭവങ്ങളെ, പ്രധാന ചരിത്രമുഹൂർത്തങ്ങളെ, പ്രമുഖരായ വ്യക്തികളെ സംബന്ധിച്ച ലഘുവിവരങ്ങൾ മാത്രം. ഒപ്പം ജമാഅത്തിന്റെ ആദർശലക്ഷ്യങ്ങളെക്കുറിച്ച് ചെറുതായൊരു പരിചയപ്പെടുത്തലും, പ്രസ്ഥാനത്തെ സംബന്ധിച്ച ചില തെറ്റിദ്ധാരണകൾ നീക്കാനും ശ്രമിച്ചിട്ടുണ്ട്.

നേരത്തെ ഉദ്ദേശിച്ചിരുന്നതും പരസ്യപ്പെടുത്തിയിരുന്നതുമായ ചില വിഷയങ്ങൾ ഇതിലുൾപെടുത്താൻ കഴിഞ്ഞിട്ടില്ല. തദ്സംബന്ധമായ വിവരങ്ങൾ ശേഖരിക്കാൻ കഴിയാത്തതാണ് കാരണം. അതേസമയം തയാറാക്കപ്പെട്ട ചില ലേഖനങ്ങൾ സ്ഥലപരിമിതിമൂലം മാറ്റിവെക്കേണ്ടതായും വന്നിട്ടുണ്ട്.

മതിയായ വിവരങ്ങളുടെ അലഭ്യത ഈ പതിപ്പ് പുറത്തിറക്കുമ്പോൾ പ്രയാസം സൃഷ്ടിച്ചിട്ടുണ്ട്. പഴയ പ്രവർത്തകരിൽ പലരും മൺമറഞ്ഞുപോയതും ജീവിച്ചിരിക്കുന്നവർക്ക് പഴയ സംഭവങ്ങളിൽ പലതും ഓർമയില്ലാത്തതും ചരിത്രം രേഖപ്പെടുത്തിവെക്കുന്നതിൽ പ്രവർത്തകർക്കുള്ള വിമുഖതയുമെല്ലാം ഇതിനു കാരണമാണ്. ഇതിലെ ലേഖനങ്ങൾ അതത് വിഷയങ്ങളെ പൂർണമായി പ്രതിപാദിക്കുന്നവ ആയിക്കൊള്ളണമെന്നില്ല. എങ്കിലും പ്രതിപാദിക്കപ്പെട്ട കാര്യങ്ങൾ പരമാവധി ആധികാരികമായിരിക്കാൻ ശ്രമിച്ചിട്ടുണ്ട്.

പലകാരണങ്ങളാൽ അൽപം വൈകിയാണ് ഇത് പുറത്തിറങ്ങുന്നത്. അവസാന ദിവസങ്ങളിൽ കുറച്ചധികം ധൃതി കാണിക്കേണ്ടിവന്നിട്ടുണ്ട്. അപാകതകളും അബദ്ധങ്ങളും കണ്ടേക്കാം. സദയം ചൂണ്ടിക്കാട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു നമ്മുടെ സദുദ്യമങ്ങളെ സ്വീകരിക്കുമാറാകട്ടെ.

പത്രാധിപർ